**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 146** **27-01-2026 - ൽ മറുപടിയ്ക്ക്**

**കൊടുവള്ളി നിയോജകമണ്ഡലത്തിലെ ഫയർ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊടുവള്ളി നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന നരിക്കുനി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് GO (Rt)No 2802/2025 Home dtd 15/08/2025 പ്രകാരം നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 15-ാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് വിനിയോഗിക്കുന്നതിന് 15.08.2025 ലെ ജി.ഒ.(ആർ.ടി)നം.2802/2025/ ആഭ്യന്തരം പ്രകാരം നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ നരിക്കുനി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 2.3 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ ടെണ്ടർ സംബന്ധിച്ച തുടർ നടപടികൾ എറണാകുളം പൊതു മരാമത്ത് വകുപ്പ് സർക്കിൾ ഓഫീസിൽ സ്വീകരിച്ച് വരുന്നു. |
| (ബി) | കൊടുവള്ളി നിയോജകമണ്ഡലത്തിൽ കൊടുവള്ളി കേന്ദ്രീകരിച്ച് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ അനുമതി/തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകൾ ആരംഭിച്ചതിന് ശേഷമെ, പുതിയ ഫയർ സ്റ്റേഷനുകൾക്കുള്ള നിർദ്ദേശങ്ങൾ, ആവശ്യകതയും മുൻഗണനയും വിലയിരുത്തി പരിഗണിക്കുവാൻ കഴിയുകയുള്ളൂ. നിലവിൽ അനുമതി/തത്വത്തിൽ അനുമതി നൽകിയ ഫയർ സ്റ്റേഷനുകളുടെ കൂട്ടത്തിൽ കൊടുവള്ളി ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ